നഗര പുനരുദ്ധാരണ പദ്ധതി

115(323) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പുനരുദ്ധാരണ പദ്ധതിക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിൽ സംസ്ഥാനത്ത് ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് എന്തൊക്കെ വികസന പരിപാടികൾക്കാണ് വിഭാവന ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ആകെ എത്രകോടി രൂപയാണ് വക കൊള്ളിച്ചിരിക്കുന്നത് ; ഇതിന് എന്ത് കേന്ദ്ര സഹായമാണ് വാഗ്ദാനം ചെയ്തിരുന്നത് ; ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കു ന്നതിന് എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം

1. ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ
2. സീവറേജ് സ്കീം-മുട്ടത്തറ സീവറേജ് പ്ലാന്റിന്റെ നിർമ്മാണം
3. വിളപ്പിൽശാല ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
4. തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഉപരിതല ജല നിർഗ്ഗമന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം.

കൊച്ചി

1. ശുദ്ധജല വിതരണ പദ്ധതി നഗരപ്രാന്തപ്രദേശങ്ങളിലേക്ക് വ്യാപിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ
2. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓടകളുടെയും മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

3. ഖര മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ആർ.ഡി.എഫ്. പ്ലാന്റിന്റെയും മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും.

4. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് അഞ്ച് റോഡുകളുടെ നിർമ്മാണം നടന്നു വരുന്നു. മൂന്നു റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) തിരുവനന്തപുരം, കൊച്ചി നഗരസഭകൾക്കായി തയ്യാറാക്കിയിട്ടുള്ള സിറ്റി ഡെവലപ്മെൻറ് പ്ലാൻ പ്രകാരമുള്ള വികസന പദ്ധതികളാണ് ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലൂടെ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയ്ക്ക് വിശദ പ്രോജക്ട് റിപ്പോർട്ട് പ്രകാരം, അംഗീകരിച്ച തുക കേന്ദ്രസഹായം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു*. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ സംസ്ഥാനതല നോട്ടൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.-യിൽ നിന്നും 2010 ഡിസംബർ വരെ 264.44 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി അതുപ്രകാരം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വൻ തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാറുകരിൽ നിന്നുണ്ടാകുന്ന അലംഭാവം പരിഗണിച്ച് അവ വിഭജിച്ച് ചെറു പാക്കേജുകളാക്കി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥലം, അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി, അഡ്വാൻസ് പൊസിഷനിൽ ഏറ്റെടുക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ കീഴിൽ പ്രത്യേക സംവിധാനം രൂപീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. മാത്രമല്ല പ്രധാനപ്പെട്ട കരാറുകാരെ ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനായി കോൺട്രാക്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. പദ്ധതി നടത്തിപ്പിന് ഉണ്ടാകുന്ന തടസ്സങ്ങൾ വളരെപ്പെട്ടെന്ന് മറികടക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കീഴിൽ മേയർമാർ ഉൾപ്പെടുന്ന ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ പ്രസ്തുത പദ്ധതികൾക്കുള്ള സാങ്കേതികാനുമതിക്ക് കാലതാമസം വരാതിരിക്കുന്നതിന് അതതു നഗരങ്ങൾ പ്രത്യേകം കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly